പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2490

18/2/2016-ലെ മറുപടിയ്ക്ക്

## ഓട്ടോറിക്ഷാ തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും **നൈപുണ്യവും** വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ഓട്ടോറിക്ഷാ തൊഴിലാളികൾ എത്രയാണെന്ന് വെളിപ്പെടുത്താമോ ; | (എ) സംസ്ഥാനത്തെ ഓട്ടോറിക്ഷാ തൊഴിലാളികൾ എത്രയാണെന്ന വിവരം തൊഴിൽ വകുപ്പിൽ ലഭ്യമല്ല. എന്നാൽ 2015 ഒക്ടോബർ മാസം വരെ, 1991-ലെ പഴയ ഓട്ടോറിക്ഷാ പദ്ധതിയിൽ 17,966 തൊഴിലാളികളും 2005 ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമപദ്ധതിയിൽ 3,39,695 തൊഴിലാളികളും അംഗത്വം എടുത്തിട്ടുണ്ട്. |
| ബി) ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് പ്രഖ്യാപിച്ച ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ അംഗങ്ങൾ ആയിട്ടുള്ളവർ എത്ര; ഇൻഷ്വറൻസ് സ്കീമിൽ നിന്നും ആനുകൂല്യങ്ങൾ ലഭിച്ചവർ എത്ര;<br><br>സി) ഇൻഷ്വറൻസ് പദ്ധതി എന്നു മുതലാണ് നിലവിൽ വന്നത്; പ്രീമിയം അടയ്ക്കുന്നതിന് എന്തു തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു; അതിൽ പ്രീമിയം അടക്കുന്നതിനായി പിൻവലിച്ച തുക എത്ര; ഏത് കമ്പനി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്? | ബി) & സി) ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതിയൊന്നും തൊഴിൽ വകുപ്പ് മുഖേന നടപ്പാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ